REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നും തുടരും. രാജ്യസഭയിൽ ചർച്ച രാവിലെ ആരംഭിക്കും.**
- **2020 ലെ ദേശീയ വിദ്യാഭ്യാസ നയം ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു.**
- **വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിന് നാളെ ഒരു വർഷം.**
- **സംസ്ഥാനത്ത് മഴ നേരിയ തോതിൽ കുറഞ്ഞു. ഇന്ന് കാസർകോട്, കണ്ണൂർ, ജില്ലകളിൽ മഞ്ഞ ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.**
- **ഫിഡെ വനിതാ ലോകകപ്പ് ചെസ് കിരീടം നേടിയ ദിവ്യ ദേശ്മുഖിനെ രാഷ്ട്രപതിയും, പ്രധാനമന്ത്രിയും അഭിനന്ദിച്ചു.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നും തുടരും. ചർച്ചയ്ക്ക് ആഭ്യന്തര മന്ത്രി അമിത് ഷാ നേതൃത്വം നൽകും. ഇന്നലെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗാണ് ചർച്ചയ്ക്ക് തുടക്കമിട്ടത്. ഭീകരപ്രവർത്തനവും, സംഭാഷണവും ഒന്നിച്ച് പോവില്ലെന്ന ശക്തമായ സന്ദേശം ഓപ്പറേഷൻ സിന്ദൂറിലൂടെ പാകിസ്ഥാന് നൽകിയതായി അദ്ദേഹം വ്യക്തമാക്കി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......(വോയ്സ്)...

പഹൽഗാം ഭീകരാക്രമണത്തിന് ശക്തവും, വ്യക്തവുമായ സന്ദേശം നൽകേണ്ടത് ആവശ്യമായിരുന്നുവെന്ന് ചർച്ചയിൽ പങ്കെടുത്ത വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. അതിർത്തിക്ക് ഇപ്പുറത്തേക്കുണ്ടാകുന്ന ഭീകര പ്രവർത്തന ങ്ങൾക്ക് തക്ക മറുപടിയായിരുന്നു ഓപ്പറേഷൻ സിന്ദൂറെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യ- പാകിസ്ഥാൻ സംഘർഷം അവസാനിപ്പിക്കാൻ അമേരിക്കയുടേതുൾപ്പെടെ ഒരു വിദേശ മധ്യസ്ഥതയും ഉണ്ടായിട്ടില്ലെന്ന് ഡോ. ജയശങ്കർ അറിയിച്ചു.

പഹൽഗാമിലെ ഭീകരാക്രമണം തടയുന്നതിൽ ജമ്മുകശ്മീരിലെ സുരക്ഷാ സംവിധാനം പരാജയപ്പെട്ടതായി ചർച്ചയിൽ പങ്കെടുത്ത കോൺഗ്രസിലെ ഗൗരവ് ഗൊഗോയ് കുറ്റപ്പെടുത്തി. ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവരെ പിടികൂടാൻ ഗവൺമെന്റിനായില്ലെന്ന് സമാജ്‌വാദി പാർട്ടി നേതാവ് രമാശങ്കർ രാജ്ഭറും വിലയിരുത്തി. BJP അംഗങ്ങൾക്കു പുറമെ, തൃണമൂൽ കോൺഗ്രസ്, TDP, YSR കോൺഗ്രസ്, നാഷണൽ കോൺഫറൻസ് NCP, CPIM, JDU, AI MIM തുടങ്ങിയ പാർട്ടികളുടെ പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു.

രാജ്യസഭയിൽ ഓപ്പറേഷൻ സിന്ദൂറിൽ പ്രത്യേക ചർച്ച ഇന്നാരംഭിക്കും. 16 മണിക്കൂറാണ് ചർച്ചയ്ക്ക് സമയം നൽകിയിരിക്കുന്നത്. രാജ്യസഭയിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ചർച്ച തുടങ്ങും.

✪✪✪

ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ചയിൽ ഇന്നലെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെയും, വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കറിന്റെയും പ്രസംഗങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. പ്രസംഗങ്ങൾ മികച്ചതും ഉൾക്കാഴ്ച പുലർത്തുന്നതുമാണെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റുകളിൽ പ്രധാനമന്ത്രി വിശേഷിപ്പിച്ചു.

✪✪✪

2020 ലെ ദേശീയ വിദ്യാഭ്യാസ നയം ഇന്ന് അഞ്ച് വർഷം പൂർത്തിയാക്കുന്നു. രാജ്യത്തെ വിദ്യാലയങ്ങളെ പാഠ പുസ്തകങ്ങളിലോ മാർക്കുകളിലോ മനഃപാഠമാക്കലിലോ മാത്രം ഒതുങ്ങാത്ത ഇടങ്ങളാക്കി മാറ്റുന്നതിന് വ്യക്തമായ രൂപമാതൃകയോടെയാണ് പുതിയ വിദ്യാഭ്യാസ നയം ആരംഭിച്ചത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പഠിതാക്കളെ കേന്ദ്രീകരിക്കുന്നതും, ഭാവിക്ക് ഊന്നൽ നൽകുകയും ചെയ്യുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന് നയം അടിത്തറ പാകി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ NEP അഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന അഖില ഭാരതീയ ശിക്ഷാ സംഗമത്തിൽ കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ മുഖ്യാതിഥിയായി പങ്കെടുക്കും. സഹമന്ത്രി ജയന്ത് ചൗധരിയും പരിപാടിയിൽ സംബന്ധിക്കും.

NEP യുടെ ഭാഗമായ, NIPUN ഭാരത്, വിദ്യാപ്രവേശ് തുടങ്ങിയ സംരംഭങ്ങൾ എട്ട് ലക്ഷത്തി 90,000 ത്തോളം സ്കൂളുകളിൽ നാല് കോടി 20 ലക്ഷത്തിലേറെ വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്തിട്ടുണ്ട്. ആംഗ്യഭാഷയും പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതിനായി ആയിരത്തിലേറെ ISL വീഡിയോകളും, സംസാരിക്കുന്ന പുസ്തകങ്ങളും വികസിപ്പിച്ചു. CBSE ബോർഡ് പരീക്ഷകളിൽ 50 ശതമാനം ചോദ്യങ്ങൾ കഴിവിനെ വിലയിരുത്തുന്നവയാക്കി മാറ്റി. നിഷ്ഠ അധ്യാപക പരിശീലന പരിപാടിയുടെ കീഴിൽ നാല് ലക്ഷത്തിലേറെ അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

✪✪✪

ഓണത്തിന് ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുമെന്ന് മന്ത്രി MB രാജേഷ് കോഴിക്കോട്ട് അറിയിച്ചു. കുടുംബശ്രീ CDS അധ്യക്ഷ സംഗമം 'ഒന്നായി നമ്മൾ' സംസ്ഥാനതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. CDS പ്രോഗ്രസ് റിപ്പോർട്ടും അദ്ദേഹം പ്രകാശം ചെയ്തു. വിജ്ഞാന കേരളം പദ്ധതിയുമായി സഹകരിച്ച് ഒരുവർഷത്തിനകം മൂന്നുലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിലെ നാല് പാലങ്ങൾ ഇന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് നാടിന് സമർപ്പിക്കും. കൊട്ടിയൂരിൽ ബാവലിപ്പുഴയ്ക്ക് കുറുകെ പുനർനിർമ്മിച്ച നീണ്ടുനോക്കി-കൊട്ടിയൂർ പാലം, മട്ടന്നൂർ - വട്ടോളി പാലം, കൂളിക്കടവ് പാലം, പത്തായക്കല്ല് പാലം എന്നിവയാണ് മന്ത്രി ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

രാജ്യത്തെ ന്യൂനപക്ഷങ്ങൾ സുരക്ഷിതരല്ലെന്ന് വരുത്തി തീർക്കാൻ ആരൊക്കെയോ ശ്രമിക്കുന്നതായി തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അഭിപ്രായപ്പെട്ടു. ഛത്തീസ്ഗഢിലെ കന്യാസ്ത്രീകളുടെ അറസ്റ്റ് രാജ്യത്തിന്റെ മതേതരത്വത്തിനേറ്റ കളങ്കമാണെന്നും അദ്ദേഹം അദ്ദേഹം കണ്ണൂരിൽ പറഞ്ഞു.

✪✪✪

ADGP MR അജിത്കുമാറിനെ എക്സൈസ് കമ്മീഷണറായി നിയമിച്ച് സംസ്ഥാന ഗവണ്മെന്റ് ഉത്തരവിറക്കി. എക്സൈസ് കമ്മീഷണറായിരുന്ന മഹിപാൽ യാദവ് അവധിയിൽ പോയ ഒഴിവിലാണ് അജിത്കുമാറിന്റെ നിയമനം.

✪✪✪

വയനാട് ഉരുൾ പൊട്ടൽ ദുരന്തത്തിന് നാളെ ഒരു വർഷം പൂർത്തിയാവുന്നു. പുനരധിവാസത്തിന്റെ ഭാഗമായി 410 വീടുകളിലായി 1,662 ലധികം ആളുകൾക്ക് താമസിക്കാൻ കഴിയും വിധം ടൗൺഷിപ്പിന്റെ നിർമാണം പുരോഗമിക്കുകയാണ്. ഡിസംബറിന് മുമ്പായി മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി കൈമാറാനാണ് ശ്രമമെന്ന് ചൂരൽമല ടൗൺഷിപ്പ് സ്പെഷ്യൽ ഓഫീസർ S.സുഹാസ് അറയിച്ചു.

മുണ്ടക്കൈ - ചൂരൽമല ദുരന്തത്തിൽ മരണമടഞ്ഞവരെ സംസ്ക്കരിച്ച പുത്തുമല ശ്മശാന ഭൂമി ഇനി മുതൽ "ജൂലൈ 30 ഹൃദയഭൂമി" എന്ന പേരിൽ അറിയപ്പെടും. മേപ്പാടി പഞ്ചായത്തിലെ സർവ്വ കക്ഷിയോഗത്തിലാണ് തീരുമാനം.

✪✪✪

സംസ്ഥാനത്ത് കാലവർഷം നേരിയ തോതിൽ ദുർബലമായി. ഇന്ന് കാസർകോട്, കണ്ണൂർ, ജില്ലകളിൽ ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

കേരള- ലക്ഷദ്വീപ്- കർണാടക തീരങ്ങളിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ കേന്ദ്രം മുന്നറിയിപ്പ് നൽകി.

✪✪✪

കേരളത്തിലെ തദ്ദേശതിരഞ്ഞെടുപ്പിൽ പ്രവാസി കൾക്കും പേരു ചേർക്കാൻ നടപടിക്രമങ്ങൾ ആരംഭിച്ചു. ഫോറം 4A യിലാണ് അപേക്ഷ നൽകേണ്ടത്. ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷന്റെ വെബ് സൈറ്റിലുണ്ട്. പാസ്പോർട്ടിൽ രേഖപ്പെടുത്തിയ സംസ്ഥാനത്തെ തദ്ദേശസ്ഥാപനത്തിലെയോ, നിയോജകമണ്ഡലത്തിലെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് ഓൺലൈനായി അപേക്ഷ നൽകണം. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് സൈറ്റിൽ മൊബൈൽ നമ്പർ നൽകി സിറ്റിസൺ രജിസ്ട്രേഷനും പൂർത്തീകരിക്കണം.

✪✪✪

കണ്ണൂർ ജില്ലയിലെ മുഴുവൻ ട്രാൻസ്ജെൻഡറുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ ട്രാൻസ്ജെൻഡർ ജസ്റ്റീസ് ബോർഡ് യോഗം തീരുമാനിച്ചു.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്).............

✪✪✪

കൊട്ടിയൂർ ശിവക്ഷേത്രത്തിൽ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ നടപ്പിലാക്കിയ സമഗ്ര വികസന പദ്ധതിയുടെ പൂർത്തീകരണം മന്ത്രി P.A മുഹമ്മദ് റിയാസ് രാവിലെ ഉദ്ഘാടനം ചെയ്യും. പത്ത് കോടിയോളം രൂപ ചെലവിലാണ് പദ്ധതി പൂർത്തീകരിച്ചത്.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ് കിരീടം നേടിയ ദിവ്യ ദേശ്മുഖിനെയും റണ്ണറപ്പായ കൊനേരു ഹംപിയെയും രാഷ്ട്രപതി ദ്രൗപതി മുർമു അഭിനന്ദിച്ചു. ജേതാവായ ദിവ്യ ദേശ്മുഖിനെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും അഭിനന്ദിച്ചു.

കിരീടം നേടിയതോടെ ദിവ്യ ഗ്രാൻഡ് മാസ്റ്ററായി മാറിയെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ദിവ്യയുടെ നേട്ടം യുവാക്കൾക്കിടയിൽ ചെസ്സ് കൂടുതൽ ജനപ്രിയമാകുന്നതിന് ഊർജ്ജമാകുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന്റെ മത്സരക്രമം പുറത്തുവിട്ടു. ഓഗസ്റ്റ് 21-ന് ആരംഭിക്കുന്ന ടൂർണമെന്റ് സെപ്റ്റംബർ 6-ന് ഫൈനലോടെ സമാപിക്കും. ഏരീസ് കൊല്ലം സെയിലേഴ്സ്, കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസിനെ ആദ്യ മത്സരത്തിൽ നേരിടും. രണ്ടാം മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസ്- കൊച്ചി ബ്ലൂ ടൈഗേഴ്സ് മത്സരമാണ്. ഓരോ ദിവസവും രണ്ട് മത്സരങ്ങൾ ഉണ്ടായിരിക്കും.

✪✪✪

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് ഗോവിന്ദച്ചാമി ജയിൽ ചാടിയതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ജയിൽ സൂപ്രണ്ടിനെ സസ്പെന്റ് ചെയ്തു. കഴിഞ്ഞ വ്യാഴാഴ്ച രാത്രി ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് സൂപ്രണ്ട് റിജോയെയാണ് DGP ബൽറാം കുമാർ ഉപാധ്യായ ഇന്നലെ സസ്പെൻഡ് ചെയ്തത്. ഇതോടെ സസ്പെൻഷനിലായ ഉദ്യോഗസ്ഥരുടെ എണ്ണം നാലായി.

✪✪✪

ഇന്ന് അന്താരാഷ്ട്ര കടുവാദിനം. കടുവാ സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നതിനാണ് ജൂലൈ 29 കടുവാദിനമായി ആചരിക്കുന്നത്. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് ന്യൂഡൽഹിയിലെ നാഷണൽ സുവോളജിക്കൽ പാർക്കിൽ 2025 ലെ ആഗോള കടുവ ദിനാഘോഷത്തിൽ മുഖ്യാതിഥിയാകും.

✪✪✪

നിറപുത്തിരി പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. നാളെ പുലർച്ചെ 5.30നും 6.30 നും ഇടയിലാണ് നിറപുത്തരി പൂജ. നിറപുത്തരിയ്ക്കുപയോഗിക്കുന്ന നെൽകതിരുകളുമായി ഘോഷയാത്ര പുലർച്ചെ അച്ചൻകോവിൽ ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലും നാളെ പുലർച്ചെയാണ് നിറപുത്തരി ചടങ്ങ് .

✪✪✪

നാദാപുരം ഗ്രാമപഞ്ചായത്തിലെ പുതുക്കിപ്പണിയുന്ന ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. 14 കോടി രൂപ ചെലവിലാണ് നവീകരണം.

✪✪✪

നാദാപുരം ഗ്രാമപഞ്ചായത്തിലെ പുതുക്കിപ്പണിയുന്ന ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. 14 കോടി രൂപ ചെലവിലാണ് നവീകരണം.

✪✪✪

സംസ്ഥാന പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ രണ്ടു ദിവസത്തെ പരാതി പരിഹാര അദാലത്ത് രാവിലെ കാസർകോട് മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ തുടങ്ങും. വ്യാഴാഴ്ച പുളിക്കൂർ കൊറഗ ഉന്നതിയും, അട്ക്കസ്ഥല, ബജ, കൊല്ലങ്ങാന മറാഠി ഉന്നതികളും കമ്മീഷൻ സന്ദർശിക്കും.

✪✪✪

.................................................................................................

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO: ഷീബ*